**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2758** **13-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിന് ആസ്ഥാന മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോഴിക്കോട് നഗരത്തിലെ അഴകൊടിദേവീ ക്ഷേത്രത്തിന്റെ കൈവശമുള്ള ഭൂമി മലബാർ ദേവസ്വം ബോർഡിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി വിട്ടു നൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രീ അഴകൊടി ദേവീ ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും, നിലവിൽ PWD യുടെ കൈവശത്തിലുള്ളതുമായ ഭൂമി, ശ്രീ അഴകൊടി ദേവീ ക്ഷേത്രത്തിന് തിരികെ ലഭിക്കുന്ന മുറയ്ക്ക് മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ പൊതുമരാമത്ത് വകുപ്പ് മേധാവികൾ 17.03.2021 ന് ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, PWD കൈവശം വച്ചിട്ടുള്ള പ്രസ്തുത ഭൂമി ശ്രീ അഴകൊടി ദേവസ്വത്തിന് തിരികെ ലഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ